പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 32

# 2011-ലെ തോട്ടം തൊഴിലാളി (കേരള ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2011

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്, 2011.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 32

# 2011-ലെ തോട്ടം തൊഴിലാളി (കേരള ഭേദഗതി) ബിൽ

950/2011.

# 2011-ലെ തോട്ടം തൊഴിലാളി (കേരള ഭേദഗതി) ബിൽ

1951-ലെ തോട്ടം തൊഴിലാളി ആക്റ്റ് വീണ്ടും
ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1951-ലെ തോട്ടം തൊഴിലാളി ആക്റ്റ് (1951-ലെ 69-ാം കേന്ദ്ര ആക്റ്റ്), അത് കേരള സംസ്ഥാനത്തിന് ബാധകമാകുന്നിടത്തോളം, ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയുംപ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—ഈ ആക്റ്റിന് 2011-ലെ തോട്ടം തൊഴിലാളി (കേരള ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 1-ാം വകുപ്പിന്റെ ഭേദഗതി.—1951-ലെ തോട്ടം തൊഴിലാളി ആക്റ്റിലെ (1951-ലെ 69-ാം കേന്ദ്ര ആക്റ്റ്) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക), 1-ാം വകുപ്പ് (4)-ാം ഉപവകുപ്പ് (എ) ഖണ്ഡത്തിൽ, "സിങ്കോണ" എന്ന വാക്കിനുശേഷം "കശുമാവ്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

3. 3 ബി വകുപ്പിന്റെ ഭേദഗതി.— പ്രധാന ആക്റ്റിലെ 3 ബി വകുപ്പിൽ, (3)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"(3) അപേക്ഷയിൽ സമർപ്പിക്കപ്പെട്ടിട്ടുള്ള വിവരങ്ങളെ സംബന്ധിച്ച് രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥൻ ഒരു അന്വേഷണം നടത്തേണ്ടതും അപേക്ഷയുടെ യാഥാർത്ഥ്യം അദ്ദേഹത്തിന് ബോദ്ധ്യപ്പെടുകയാണെങ്കിൽ രജിസ്ട്രേഷൻ നൽകാവുന്നതും അല്ലെങ്കിൽ അപേക്ഷ മറ്റുവിധത്തിൽ നിരസിക്കാവുന്നതും ആണ്.".

4. 3ബിഎ വകുപ്പ് കൂട്ടിച്ചേർക്കൽ.— (1) പ്രധാന ആക്റ്റിൽ, 3 ബി വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത് :—

"3 ബിഎ രജിസ്ട്രേഷൻ മുതലായവയുടെ പുതുക്കൽ :— (1) ഈ ആക്റ്റ് പ്രകാരം അനുവദിച്ചു നൽകിയിട്ടുള്ള ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് ആദ്യം രജിസ്റ്റർ ചെയ്ത തീയതിമുതൽ അല്ലെങ്കിൽ പിന്നീട് പുതുക്കുന്ന തീയതി മുതൽ അഞ്ചുവർഷക്കാലയളവുവരെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

KNPP. 950/2011.

(2) രജിസ്ട്രേഷൻ പുതുക്കുന്നതിനുവേണ്ടിയുള്ള ഓരോ അപേക്ഷയും കാലാവധി അവസാനിക്കുന്നതിന് കുറഞ്ഞത് അറുപത് ദിവസം മുൻപ് നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിൽ ആവശ്യമുള്ള വിവരങ്ങളോടുകൂടിയും അപ്രകാരമുള്ള ഫീസ് സഹിതവും സമർപ്പിക്കേണ്ടതാണ്.

(3) ഈ ആക്റ്റിലേയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയും വ്യവസ്ഥകൾ യഥാർത്ഥത്തിൽ പാലിക്കപ്പെട്ടുവെന്ന് രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥന് ബോദ്ധ്യപ്പെടുന്നതുവരെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അദ്ദേഹം പുതുക്കി നൽകുവാൻ പാടുള്ളതല്ല.

(4) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് തെറ്റിദ്ധരിപ്പിച്ചോ വഞ്ചനാപരമായോ നേടിയതാണെന്നോ ഈ ആക്റ്റിലേയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലേയോ ഏതെങ്കിലും വ്യവസ്ഥകൾ തൊഴിലുടമ ലംഘിച്ചുവെന്നോ അത് പാലിക്കുന്നതിൽ പരാജയപ്പെട്ടുവെന്നോ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥന് തോന്നുകയാണെങ്കിൽ അദ്ദേഹത്തിന് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ കൈവശക്കാരന് പറയുവാനുള്ളത് പറയുവാൻ ഒരു അവസരം നൽകിയതിനുശേഷം, ഉത്തരവുവഴി, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് റദ്ദാക്കുകയോ, സസ്പെന്റ് ചെയ്യുകയോ ചെയ്യാവുന്നതാണ്.

(5) രണ്ടോ അതിലധികമോ തോട്ടങ്ങൾ സംയോജിപ്പിക്കുമ്പോൾ, ഈ ആക്റ്റിലെ നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം നൽകേണ്ടതായിട്ടുള്ള ഏതെങ്കിലും സംരക്ഷണത്തിനേയോ ക്ഷേമസൗകര്യങ്ങളേയോ അപ്രകാരമുള്ള സംയോജിപ്പിക്കൽ ബാധിക്കാൻ ഇടയുണ്ടെങ്കിൽ അത്തരം സംയോജനത്തിനുള്ള, 1954, ഏപ്രിൽ 1-ാം തീയതിയിലോ അതിനുശേഷമോ ഈ ആക്റ്റ് ബാധകമായിട്ടുള്ള ഏതെങ്കിലും ഭൂമിയേയോ തോട്ടങ്ങളായി രജിസ്റ്റർ ചെയ്ത തോട്ടങ്ങളേയോ സംബന്ധിച്ച, യാതൊരു അപേക്ഷയും രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥൻ പരിഗണിക്കുവാൻ പാടുള്ളതല്ല.".

5. 3 സി വകുപ്പിന്റെ ഭേദഗതി.— പ്രധാന ആക്റ്റിലെ 3 സി വകുപ്പിൽ, (2)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത് :—

"(3) രജിസ്ട്രേഷനുള്ള ഒരു അപേക്ഷ 3 ബി വകുപ്പിന്റെ (3)-ാം ഉപവകുപ്പ് അല്ലെങ്കിൽ 3ബിഎ വകുപ്പിന്റെ (3)-ാം ഉപവകുപ്പ് അല്ലെങ്കിൽ (4)-ാം ഉപവകുപ്പ് പ്രകാരം നിരസിച്ചുകൊണ്ടുള്ള രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥന്റെ ഒരു ഉത്തരവുമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും ആ ഉത്തരവ് കൈപ്പറ്റി മുപ്പതുദിവസത്തിനകം (1)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെടുന്ന അധികാരസ്ഥാനത്തിന് ഒരു അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

(4) (3)-ാം ഉപവകുപ്പ് പ്രകാരം ഒരു അപ്പീൽ കൈപ്പറ്റിക്കഴിഞ്ഞാൽ, അപ്പീൽ അധികാരസ്ഥാനത്തിന്, അപ്പീൽവാദിക്കും രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥർക്കും അക്കാര്യത്തിൽ പറയുവാനുള്ളത് പറയുവാൻ ഒരു അവസരം നൽകിയതിനുശേഷം, എത്രയുംവേഗം അപ്പീൽ തീർപ്പാക്കാവുന്നതാണ്.".

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1951-ലെ തോട്ടം തൊഴിലാളി ആക്റ്റ് (1951-ലെ 69-ാം കേന്ദ്ര ആക്റ്റ്)-ലെ 1(4) (എ), 3ബി (3), 3സി എന്നീ വകുപ്പുകൾ ഭേദഗതി ചെയ്യുന്നതിനും ആക്റ്റിൽ 3 ബിഎ എന്ന ഒരു പുതിയ വകുപ്പ് കൂട്ടിച്ചേർക്കുന്നതിനും കേരള സർക്കാർ തീരുമാനിച്ചു. കേരളത്തിൽ ധാരാളം കശുമാവ് തോട്ടങ്ങളും അനുബന്ധ വ്യവസായങ്ങളും ഉണ്ട്. ആക്റ്റിലെ 1(4) (എ) വകുപ്പിൽ "കശുമാവ്" കൂടി ഉൾപ്പെടുത്തിക്കൊണ്ട് കശുമാവ് തോട്ടങ്ങൾക്കുകൂടി ഈ ആക്റ്റ് ബാധകമാക്കുന്നത് അഭിലഷണീയമാണ്. ഒരു തോട്ടം രജിസ്റ്റർ ചെയ്യുന്നതിന് മുമ്പ് രജിസ്ട്രേഷനുള്ള അപേക്ഷയുടെ നിജസ്ഥിതി ഉറപ്പാക്കുന്നതിന് രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥന് അധികാരം നൽകുന്നതിനായി പ്രത്യേക വ്യവസ്ഥകൾ ആക്റ്റിൽ ഉൾപ്പെടുത്തേണ്ടതായിട്ടുണ്ട്. പ്രസ്തുത ആവശ്യത്തിലേക്കായി ആക്റ്റിലെ 3ബി വകുപ്പിൽ (3)-ാം ഉപവകുപ്പ് കൂട്ടിച്ചേർക്കാൻ ഉദ്ദേശിക്കുന്നു. ഒരിക്കൽ അനുവദിച്ചു നൽകിയ തോട്ടങ്ങളുടെ രജിസ്ട്രേഷൻ പുതുക്കുന്നതിന് ആക്റ്റ് വ്യവസ്ഥ ചെയ്യുന്നില്ല. രജിസ്ട്രേഷൻ പുതുക്കിനൽകുന്നതിനുള്ള വ്യവസ്ഥകൂടി ആക്റ്റിൽ കൂട്ടിച്ചേർക്കുകയാണെങ്കിൽ അത് സംസ്ഥാനത്തിന് നികുതി വരുമാനമുണ്ടാക്കുന്നതിനുപരി ആക്റ്റിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകളുടെ നടത്തിപ്പ് കാര്യക്ഷമമായി നിയന്ത്രിക്കുന്നതിനും സഹായിക്കുന്നതാണ്. ആക്റ്റിൽ കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 3 ബിഎ വകുപ്പ് ആ ആവശ്യത്തിലേക്കാണ്. തോട്ടങ്ങളുടെ രജിസ്ട്രേഷൻ റദ്ദാക്കിയതിനെതിരെ അപ്പീൽ നൽകുന്നതിനുള്ള വ്യവസ്ഥകൾ മാത്രമാണ് ഇപ്പോൾ നിലവിലുള്ളത്. 3 സി വകുപ്പിന് വരുത്താനുദ്ദേശിക്കുന്ന നിർദ്ദിഷ്ട ഭേദഗതി, അതതു സംഗതിപോലെ, തോട്ടങ്ങളുടെ രജിസ്ട്രേഷൻ ഉത്തരവുകൾ/രജിസ്ട്രേഷൻ റദ്ദാക്കൽ/രജിസ്ട്രേഷൻ പുതുക്കൽ/രജിസ്ട്രേഷൻ പുതുക്കുന്നത് നിരസിക്കൽ എന്നിവയ്ക്കെതിരെ അപ്പീലിന് വ്യവസ്ഥ ചെയ്യുന്നതിനു വേണ്ടിയുള്ളതാണ്.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ, സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 4-ാം ഖണ്ഡംമൂലം പുതുതായി ചേർക്കാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ 3 ബിഎ വകുപ്പ് തോട്ടങ്ങളുടെ രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള അപേക്ഷാ ഫാറവും ആയതിനുള്ള ഫീസും നിർണ്ണയിക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

ഏതു കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ പുറപ്പെടുവിക്കാവുന്നത് അവ നടപടിക്രമം സംബന്ധിച്ചുള്ളതും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടു കൂടിയതുമാണ്. ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം, അതിനാൽ, സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

**ഷിബു ബേബി ജോൺ.**

(ശരിത്തർജ്ജമ)

## 1951-ലെ തോട്ടം തൊഴിലാളി ആക്റ്റിൽ (1951-ലെ 69-ാം കേന്ദ്ര ആക്റ്റ്) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

**　　**　　**　　**

1. ചുരുക്കപ്പേരും പ്രാരംഭവും ബാധകതയും.—(1) ഈ ആക്റ്റിന് 1951-ലെ തോട്ടം തൊഴിലാളി ആക്റ്റ് എന്ന് പേര് പറയാം.

(2) ഇതിന് ജമ്മു-കാശ്മീർ സംസ്ഥാനം ഒഴികെ ഭാരതം മുഴുവനും വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനംവഴി കേന്ദ്ര സർക്കാർ നിശ്ചയിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

(4) ഇത് താഴെപ്പറയുന്ന തോട്ടങ്ങൾക്ക് ബാധകമാകുന്നതാണ്, അതായത്,—

(എ) തേയില, കാപ്പി, റബ്ബർ, സിങ്കോണ അഥവാ ഏലം എന്നിവ കൃഷി ചെയ്യുന്നതിനായി ഉപയോഗിക്കുന്നതോ ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്നതോ ആയതും അഞ്ചു ഹെക്ടറോ അതിൽ കൂടുതലോ വിസ്തീർണ്ണമുള്ളതും അതിൽ, തൊട്ടുമുമ്പുള്ള പന്ത്രണ്ടു മാസങ്ങളിൽ ഏതെങ്കിലും ഒരു ദിവസം പതിനഞ്ചോ അതിൽ കൂടുതലോ ആളുകൾ ജോലി ചെയ്യുന്നതോ ജോലി ചെയ്തിരുന്നതോ ആയ ഏതൊരു ഭൂമിക്കും ;

**　　**　　**　　**

3. ബി. തോട്ടങ്ങളുടെ രജിസ്ട്രേഷൻ.—(1) 1981-ലെ തോട്ടം തൊഴിലാളി (ഭേദഗതി) ആക്റ്റിന്റെ പ്രാരംഭത്തിൽ നിലവിലുള്ള ഒരു തോട്ടത്തിന്റെ തൊഴിലുടമയും ആക്റ്റിന്റെ പ്രാരംഭതീയതി മുതൽ അറുപത് ദിവസക്കാലയളവിനുള്ളിലും അങ്ങനെയുള്ള പ്രാരംഭ തീയതിക്കുശേഷം നിലവിൽ വന്ന മറ്റേതൊരു തോട്ടത്തിന്റെയും ഓരോ തൊഴിലുടമയും അങ്ങനെയുള്ള തോട്ടം നിലവിൽ വന്ന് അറുപത് ദിവസക്കാലയളവിനുള്ളിലും അങ്ങനെയുള്ള തോട്ടം രജിസ്റ്റർ ചെയ്യുന്നതിനുവേണ്ടി രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് ഒരു അപേക്ഷ നൽകേണ്ടതാണ്.

എന്നാൽ, അപ്രകാരമുള്ള കാലയളവിനുള്ളിൽ അപേക്ഷ സമർപ്പിക്കാതിരുന്നതിന് അപേക്ഷകന് മതിയായ കാരണമുണ്ടായിരുന്നു എന്ന് രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥന് ബോദ്ധ്യമാകുന്ന പക്ഷം, മേൽപ്പറഞ്ഞ കാലയളവ് അവസാനിച്ചതിനു ശേഷം സമർപ്പിക്കുന്ന ഏതൊരു അപേക്ഷയും അദ്ദേഹത്തിന് സ്വീകരിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം സമർപ്പിക്കുന്ന ഓരോ അപേക്ഷയും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിൽ ആയിരിക്കേണ്ടതും ആവശ്യമുള്ള വിവരങ്ങളോടുകൂടിയുള്ളതും അപ്രകാരമുള്ള ഫീസ് സഹിതവും ആയിരിക്കേണ്ടതുമാണ്.

(3) (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു അപേക്ഷ കൈപ്പറ്റിയാൽ, രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥൻ തോട്ടം രജിസ്റ്റർ ചെയ്യേണ്ടതാണ്.

(4) ഈ വകുപ്പുപ്രകാരം ഒരു തോട്ടം രജിസ്റ്റർ ചെയ്യുന്നിടത്ത് രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥൻ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിൽ ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അതിന്റെ തൊഴിലുടമയ്ക്ക് നൽകേണ്ടതാണ്.

(5) ഈ വകുപ്പുപ്രകാരം ഒരു തോട്ടം രജിസ്റ്റർ ചെയ്തതിനുശേഷം, ആ തോട്ടത്തെ സംബന്ധിച്ച് ഉടമസ്ഥാവകാശത്തിലോ, നടത്തിപ്പിലോ, അതിന്റെ വിസ്തൃതി യിലോ, മറ്റു നിർണ്ണയിക്കപ്പെട്ട വിവരങ്ങളിലോ എന്തെങ്കിലും മാറ്റം സംഭവിക്കുന്നിടത്ത്, അങ്ങനെയുള്ള മാറ്റത്തെ സംബന്ധിച്ചുള്ള വിവരങ്ങൾ അങ്ങനെയുള്ള മാറ്റം സംഭവിച്ച് മുപ്പത് ദിവസത്തിനകം നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിൽ തൊഴിലുടമ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥനെ അറിയിക്കേണ്ടതാണ്.

(6) (5)-ാം ഉപവകുപ്പ് പ്രകാരം ലഭിച്ച ഏതെങ്കിലും അറിയിപ്പ് കിട്ടിയതിന്റെ ഫലമായി, തോട്ടം ഇനി ഈ വകുപ്പുപ്രകാരം രജിസ്റ്റർ ചെയ്യേണ്ട ആവശ്യം ഇല്ലായെന്ന് രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥന് ബോദ്ധ്യപ്പെടുന്നിടത്ത്, അദ്ദേഹം, രേഖാമൂലമുള്ള ഉത്തരവിലൂടെ, അതിന്റെ രജിസ്ട്രേഷൻ റദ്ദാക്കേണ്ടതും കഴിയുന്നത്രവേഗം, ആ ഉത്തരവ് തോട്ടം സ്ഥിതിചെയ്യുന്ന പ്രദേശത്തെ ഭാഷയിലുള്ളതും അവിടെ പ്രചാരമുള്ളതുമായ, ഏതെങ്കിലും ഒരു വർത്തമാന പത്രത്തിൽ പ്രസിദ്ധീകരിക്കാൻ ഇടയാക്കേണ്ടതുമാണ്.

3. <u>സി</u>. <u>രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥന്റെ ഉത്തരവിനെതിരെയുള്ള അപ്പീലുകൾ</u>.—(1) രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥന്റെ 3<u>ബി</u> വകുപ്പ് (6)-ാം ഉപവകുപ്പുപ്രകാരമുള്ള ഉത്തരവുമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും ആ ഉപവകുപ്പുപ്രകാരമുള്ള ഉത്തരവ് വർത്തമാന പത്രത്തിൽ പ്രസിദ്ധീകരിച്ച് മുപ്പത് ദിവസത്തിനകം നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള അധികാരസ്ഥാനത്തിന് ഒരു അപ്പീൽ ബോധിപ്പിക്കാവുന്നതാണ് :

എന്നാൽ, അപ്രകാരമുള്ള കാലയളവിനുള്ളിൽ അപ്പീൽ ബോധിപ്പിക്കാതിരുന്നതിന് അപ്പീൽവാദിക്ക് മതിയായ കാരണമുണ്ടായിരുന്നുവെന്ന്, അപ്പീലധികാരിക്ക് ബോധ്യമാകുന്നപക്ഷം മേൽപ്പറഞ്ഞ കാലയളവ് അവസാനിച്ചശേഷം ഈ വകുപ്പു പ്രകാരമുള്ള ഒരു അപ്പീൽ സ്വീകരിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം ഒരു അപ്പീൽ കൈപ്പറ്റി കഴിഞ്ഞാൽ, അപ്പീൽ അധികാരസ്ഥാനത്തിന്, അപ്പീൽ വാദിക്കും, 3<u>ബി</u> വകുപ്പ് (5)-ാം ഉപവകുപ്പിൽ പരാമർശി ച്ചിട്ടുള്ള തൊഴിലുടമയ്ക്കും രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥനും അക്കാര്യത്തിൽ പറയുവാനുള്ളത് പറയുവാൻ ഒരു അവസരം നൽകിയതിനുശേഷം, കഴിയുന്നത്രവേഗം അപ്പീൽ തീർപ്പാക്കാവുന്നതാണ്.

** ** ** **